# വിദേശത്ത് ജോലി വാഗ്ദാനം ചെയ്ത് വിസാതട്ടിപ്പ് നടത്തിയ കേസ്സിലെ പ്രധാനപ്രതി പിടിയിൽ

വിദേശത്ത് ജോലി വാഗ്ദാനം ചെയ്ത് നൂറിലധികം ആളുകളിൽ നിന്നും ലക്ഷങ്ങൾതട്ടിപ്പ് നടത്തി ഒളിവിൽ കഴിയുകയായിരുന്ന പ്രധാന പ്രതി പിടിയിൽ

കൊല്ലം കരുനാഗപ്പള്ളി ആദിനാട് പാട്ടത്തിൽ പടിഞ്ഞാറേത്തറ വീട്ടിൽ ശശിധരൻ മകൻ 32 വയസ്സുള്ള സന്തോഷ് എന്നയാളെയാണ് പറവൂർ പോലീസ് പിടികൂടിയത്. വിദ്യാർത്ഥികളിൽ നിന്നും വിദേശരാജ്യങ്ങളിൽ ഉന്നതജോലി വാഗ്ദാനം ചെയ്ത് , ജോലി ലഭിക്കാത്തതിനെത്തുടർന്ന് യുവാക്കൾ പറവൂർ പോലീസിൽ പരാതിപ്പെടുകയായിരുന്നു.

കേസ്സ് രജിസ്റ്റർ ചെയ്തതിനെത്തുടർന്ന് ഒളിവിലായിരുന്ന പ്രതിയെ പത്തനംതിട്ടയിൽ നിന്നും കോന്നി പോലീസിൻെറ സഹായത്തോടുകൂടിയാണ് അറസ്റ്റ് ചെയ്തത് . പറവൂർ പോലീസ് ഇൻസ്പെക്ടർ ക്രിസ്പിൻ സാം , സബ്ബ് ഇൻസ്പെക്ടർ. ടി.വി.ഷിബു, CPO മാരായ മനോജ്, ജയദേവൻ ,രഞ്ജിത്ത് എന്നിവരടങ്ങുന്ന പ്രത്യേക അന്വേഷണസംഘമാണ് പ്രതിയെ പിടികൂടിയത്.

പ്രതി പിടിയിലായതിനെത്തുടർന്ന് വഞ്ചിക്കപ്പെട്ട നിരവധി ആളുകൾ പോലീസ് സ്റ്റേഷനിൽ പരാതിയുമായി എത്തിയിട്ടുണ്ട്. സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ തട്ടിപ്പ് നടത്തിയിട്ടുണ്ടോയെന്ന് അന്വേഷിച്ചുവരികയാണ്. നോർത്ത് പറവൂർ കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻെറ് ചെയ്തു.